സഭാ സാമാജികർ, എം.പി.മാർ, ഇൻഫർമേഷൻ സെന്ററുകൾ, പ്രമുഖ വ്യക്തികൾ, പത്രങ്ങൾ എന്നിങ്ങനെ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്)ഉദ്ദേശിക്കുന്നുണ്ട്.

**23 (23) പൊതുമേഖലാ സ്ഥാപനതലവന്മാരുടെ വിദേശയാത്ര**

ശ്രീ. വി. ബാലറാം :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാരും മാനേജിംഗ് ഡയറക്ടർമാരും വിദേശയാത്ര നടത്തിയിട്ടുണ്ട്;

(ബി) ഈ വിദേശയാത്രയ്ക്കുവേണ്ടി ഓരോരുത്തരും ടി.എ. ഡി.എ. എന്റർടെയിൻമെന്റ് അലവൻസ് എന്നീയിനങ്ങളിൽ എന്തുതുകവീതം കൈപ്പറ്റിയിട്ടുണ്ട്;

(സി) ഈ വിദേശയാത്രകൾക്ക് ഓരോരുത്തർക്കും അനുവദിച്ച വിദേശനാണ്യം എത്രവീതമായിരുന്നു;

(ഡി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളുടെ പേരിലാണ് അവർ വിദേശയാത്ര നടത്തിയത്;

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)മുതൽ (ഇ)വരെ വിവരം ശേഖരിച്ചുവരുന്നു.

**24 (24) നെടുമ്പാശ്ശേരി വിമാനത്താവളം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി.ജെ. ജോയി :

ശ്രീ കെ. മുഹമ്മദാലി :

ശ്രീ. കെ. ബാബു :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് കമ്പനിയാണോ സൊസൈറ്റിയാണോ രൂപീകരിച്ചിട്ടുള്ളത്; ഇതിൽ സർക്കാരിന്റെ ഷെയർ എത്രയാണ്;

(സി) ഇത് രൂപീകരിച്ചപ്പോൾ ഇതിന്റെ ചെയർമാൻ ആരായിരുന്നു. പിന്നീട് ഇതിന്റെ ചെയർമാൻമാർ ആരൊക്കെയായിരുന്നു;

(ഡി) ഈ വിമാനത്താവളത്തിൽ നിന്നും എന്നുമുതൽ വിമാന സർവ്വീസ് നടത്താൻ കഴിയുമെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏതെല്ലാം വിദേശ രാജ്യങ്ങളിലേക്കാണ് ഇവിടെനിന്നും സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത്;

(എഫ്)എയർ ഇന്ത്യയെ കൂടാതെ മറ്റേതെല്ലാം വിമാനക്കമ്പനികൾ ഈ വിമാനത്താവളത്തിൽ നിന്നും സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1995 മാർച്ചിൽ.

(ബി) തുടക്കത്തിൽ സൊസൈറ്റിയായും പിന്നീട് കമ്പനിയായും രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇപ്പോൾ നിലവിലുള്ള ഷെയർ 39.9 ശതമാനമാണ്. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) 97/97/പി. ഡബ്ല്യൂ ആന്റ് റ്റി. തീയതി 29/8/1997 പ്രകാരം സർക്കാരിന്റെ ഷെയർ 51% മാകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) രൂപീകരിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരനും പിന്നീട് ഇപ്പോഴത്തെ മുഖ്യമന്ത്രിയായ ശ്രീ. ഇ.കെ. നായനാർ ചെയർമാനായി തുടരുന്നു.

(ഡി) ജൂൺ 10/1999 മുതൽ വിമാന സർവ്വീസുകൾ ആരംഭിച്ചു.

(ഇ) മിക്കവാറും എല്ലാ രാജ്യങ്ങളിലേക്കും സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നു.

(എഫ്)പല വിദേശ വിമാനക്കമ്പനികളും വിമാന സർവ്വീസ് നടത്താനായി സമീപിച്ചിട്ടുണ്ട്. കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പ് മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വിദേശ വിമാനക്കമ്പനികളുടെ കാര്യത്തിൽ തീരുമാനമാകുന്നതാണ്.

**25 (25) കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ സംവിധാനം**

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾ അത്യാവശ്യം വേണ്ട സാധനങ്ങൾ കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ സംവിധാനംവഴി അയച്ചിരുന്നതായി അറിവുണ്ടോ;

(ബി) ഇപ്പോൾ പ്രസ്തുത സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ മലബാറിലെ ഗൾഫ് യാത്രക്കാരുടെ സൗകര്യാർത്ഥം ഈ സംവിധാനം പുനഃസ്ഥാപിക്കുമോ?

ഉത്തരം

(എ)മുതൽ (സി)വരെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

**26 (26) ദേവാലയ മോഷണങ്ങൾ**

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly